"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ചങ്ങനാശ്ശേരി നഗരസഭയിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. പി.എസ്.തമ്പി-ക്ക് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.524/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/02/2021

പരാമർശം:- നഗരകാര്യഡയറക്ടറുടെ 16.01.2020,07.09.2020 തീയതികളിലെ ഇ7- 14432/19 നമ്പർ കത്ത്.

**ഉത്തരവ്**

ചങ്ങനാശ്ശേരി നഗരസഭയിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. പി.എസ്.തമ്പിയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ 01.03.2011 മുതൽ 06.10.2011 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിലേയ്ക്കായി സമർപ്പിച്ച അപേക്ഷ പരാമർശകത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചങ്ങനാശ്ശേരി നഗരസഭയിൽ സീനിയർ ക്ലർക്കായിരിക്കെ 31.05.2019ൽ സേവനത്തിൽ നിന്ന് വിരമിച്ച ശ്രീ.പി.എസ്.തമ്പിയ്ക്ക് 01.03.2011 മുതൽ 06.10.2011 വരെയുള്ള ശൂന്യവേതനാവധി കാലയളവ് ഇൻക്രിമെന്റ്,ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ.ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അല്ലാതെയുള്ള ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.പി.എസ്.തമ്പി, സീനിയർക്ലർക്ക്(റിട്ട.), ചങ്ങനാശ്ശേരി നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, ചങ്ങനാശ്ശേരി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ